## പ്രധാനവാർത്തകൾ

1) പതിനാല് ഖാരിഫ് വിളകളുടെ മിനിമം താങ്ങുവില വർദ്ധിപ്പിക്കാൻ തീരുമാനിച്ച് കേന്ദ്രസർക്കാർ.

2) കാട്ടുപന്നികൾക്ക് പുറമേ, ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന മറ്റ് വന്യജീവികളെ കൊല്ലുന്നതിന് കേന്ദ്രാനുമതി തേടാൻ സംസ്ഥാന മന്ത്രിസഭാ യോഗത്തിൽ തീരുമാനം.

3) കേരളത്തിൽ വ്യാപക മഴക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കാലാവസ്ഥാ വകുപ്പ്. കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത. 8 ജില്ലകളിൽ ഓറഞ്ച് ജാഗ്രത.

4) മുനമ്പം വഖഫ് ഭൂമി തർക്കത്തിൽ സംസ്ഥാന സർക്കാർ നിയോഗിച്ച ജുഡീഷ്യൽ കമ്മീഷൻ മുഖ്യമന്ത്രിക്ക് റിപ്പോർട്ട് സമർപ്പിച്ചു.

5) സംസ്ഥാനത്ത് ജൂൺ ഒൻപത് മുതൽ ജൂലൈ 31 വരെ, 52 ദിവസത്തെ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തും.

RNU TVPM

6) ഐ.പി.എൽ പ്ലേ ഓഫ് മത്സരങ്ങൾക്ക് നാളെ തുടക്കം. ആദ്യ ക്വാളിഫയറിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, പഞ്ചാബ് കിംഗ്സിനെ നേരിടും

*****************

**കേന്ദ്ര മന്ത്രിസഭാ**

പതിനാല് ഖാരിഫ് വിളകളുടെ മിനിമം താങ്ങുവില വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര മന്ത്രിസഭാ അംഗീകാരം നൽകി. കർഷകർക്ക് ആദായകരമായ വില ഉറപ്പാക്കാൻ ഇത് സഹായിക്കുമെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. പരിഷ്കരിച്ച പലിശ ഇളവ് പദ്ധതി MISS, 2025-26 ലും തുടരുന്നതിനും മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ട്. കിസാൻ ക്രെഡിറ്റ് കാർഡിലൂടെ കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ ഹ്രസ്വകാല വായ്പകൾ നൽകുന്ന പദ്ധതിയാണിത്. .

*****************

**മന്ത്രിസഭ വന്യജീവി**

കാട്ടുപന്നികളെ കൂടാതെ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന മറ്റ് വന്യജീവികളെയും കൊല്ലുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൻറെ അനുമതി തേടാൻ സംസ്ഥാന മന്ത്രിസഭാ യോഗത്തിൽ തീരുമാനം. നിയമ വകുപ്പ് സെക്രട്ടറിയുമായി കൂടിയാലോചിച്ച് ഇക്കാര്യത്തിൽ ആവശ്യമായ നിയമ നിർമ്മാണത്തിനുള്ള നിർദേശം സമർപ്പിക്കാൻ വനംവകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തി. കാട്ടുപന്നികളെ ഉപാധികളോടെ കൊല്ലുന്നതിനുള്ള സർക്കാർ ഉത്തരവുകളുടെ കാലാവധി ഒരുവർഷത്തേക്ക് കൂടി ദീർഘിപ്പിക്കാനും മന്ത്രിസഭ അനുമതി നൽകി.നവകേരള സദസ്സിൽ ഉയർന്നുവന്ന വികസന പദ്ധതികൾ നടപ്പാക്കാൻ 982 കോടിയിലധികം രൂപ അനുവദിക്കാനും സംസ്ഥാന മന്ത്രിസഭായോഗം തീരുമാനിച്ചു. ഓരോ നിയമസഭാ മണ്ഡലത്തിലും പരമാവധി ഏഴ് കോടി രൂപ വീതമാണ് വികസന പദ്ധതികൾക്കായി അനുവദിക്കുക.

*****************

PRD TVPM

**മഴ - സംസ്ഥാനം**

സംസ്ഥാനത്ത് അടുത്ത 5 ദിവസം വ്യാപക മഴക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് . അതീതീവ്ര മഴയ്ക്ക് സാധ്യതയുള്ളതിനാൽ, കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത നൽകിയിട്ടുണ്ട്. എട്ട് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ് . പത്തനംതിട്ട, ഇടുക്കി, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ നാളെ ചുവപ്പ് ജാഗ്രതയും മറ്റെല്ലാ ജില്ലകളിലും ഓറഞ്ച് ജാഗ്രതയുമാണ്. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഞായറാഴ്ച വരെ മത്സ്യബന്ധനത്തിന് പോകാൻ പാടില്ല .കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരള തീരത്ത് നാളെ രാത്രി വരെ കടലാക്രമണ സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും അതീവ ജാഗ്രത പാലിക്കേണ്ടതാണ് .

*****************

**കാസർഗോഡ് മഴ (ഇന്ട്രോ)**

കാസർഗോഡ് ജില്ലയിൽ അതി ശക്തമായ മഴ തുടരുന്നു. ജില്ലയിൽ നാളെയും മറ്റന്നാളും ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. പ്രൊഫഷണൽ കോളെജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കളക്ടർ നാളെ അവധി നൽകിയിട്ടുണ്ട്. മുൻകൂട്ടി നിശ്ചയിച്ച പരീക്ഷകൾക്ക് മാറ്റമില്ല.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി പി ജഗന്നിവാസൻ.

(വോയിസ്)

കനത്ത മഴയുടെ സാഹചര്യത്തിൽ കണ്ണൂർ ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ജില്ലാ കളക്ടർ നാളെ അവധി പ്രഖ്യാപിച്ചിരിക്കുകയാണ്.

*****************

**മഴക്കെടുതി ഇടുക്കി**

RNUTVPM

ഇടുക്കിയിൽ കനത്തമഴയിൽ കഴിഞ്ഞ 24 മണിക്കൂറിനിടെ 23 വീടുകൾ തകർന്നു. ജില്ലയിൽ പുതിയതായി രണ്ട് ദുരിതാശ്വാസ ക്യാമ്പുകൾ കൂടി തുറന്നിട്ടുണ്ട്. എന്നാൽ, ഇടുക്കി, മുല്ലപ്പെരിയാർ അണക്കെട്ടുകളിലെ ജലനിരപ്പ് ആശങ്കപ്പെടേണ്ട സാഹചര്യത്തിലല്ല എന്ന് അധികൃതർ അറിയിച്ചു.

*****************

## പത്തനംതിട്ട-നിരോധനം

പത്തനംതിട്ട ജില്ലയിൽ ശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ മലയോര മേഖലകളിലേക്കുമുള്ള രാത്രിയാത്രയ്ക്കും കുട്ട വഞ്ചി സവാരി ഉൾപ്പെടെയുള്ള വിനോദ സഞ്ചാരത്തിനും ജൂൺ ഒന്നു വരെ നിരോധനം ഏർപ്പെടുത്തി .ദുരന്ത സാധ്യതകൾ ഒഴിവാക്കുന്നതിനായാണ് ജില്ലാ കലക്ടർ നിരോധനം പ്രഖ്യാപിച്ചത് .

*****************

## കെ എസ് ഇ ബി നാശനഷ്ടം

സംസ്ഥാനത്ത് വ്യാപകമായി തുടരുന്ന മഴയിലും കാറ്റിലും വൈദ്യുതി വിതരണ സംവിധാനത്തിന് 60 കോടിയോളം രൂപയുടെ നാശനഷ്ടമുണ്ടായതായി കെ എസ് ഇ ബി. വൈദ്യുതി പുനസ്ഥാപിക്കാൻ ജീവനക്കാർ യുദ്ധകാലാടിസ്ഥാനത്തിൽ പ്രയത്നിക്കുന്നുണ്ട്. പ്രതികൂല കാലാവസ്ഥയുടെ സാഹചര്യത്തിൽ ജീവനക്കാരുടെ പരിമിതികൾ മനസിലാക്കി ഉപഭോക്താക്കൾ സഹകരിക്കണമെന്നും കെ എസ് ഇ ബി അഭ്യർത്ഥിച്ചു.

RNU TVPM

*****************

## മുനമ്പം കമ്മീഷൻ

മുനമ്പം വഖഫ് ഭൂമി തർക്കത്തിൽ സംസ്ഥാന സർക്കാർ നിയമിച്ച ജസ്റ്റിസ് സി എൻ രാമചന്ദ്രൻ നായർ കമ്മീഷൻ മുഖ്യമന്ത്രി പിണറായി വിജയന് റിപ്പോർട്ട് സമർപ്പിച്ചു. റിപ്പോർട്ടിന്മേൽ മന്ത്രിസഭ തീരുമാനമെടുക്കുമെന്ന് മന്ത്രി പി. രാജീവ് അറിയിച്ചു. മുനമ്പത്തുകാരുടെ നിയമപരമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് സാധ്യമായതെല്ലാം ചെയ്യുമെന്നും മന്ത്രി വ്യക്തമാക്കി.

*****************

ട്രോളിംഗ് നിരോധനം

സംസ്ഥാനത്ത് ജൂൺ ഒൻപത് അർദ്ധരാത്രി മുതൽ ജൂലൈ 31 അർദ്ധരാത്രി വരെ, 52 ദിവസം ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുമെന്ന് ഫിഷറീസ് മന്ത്രി സജി ചെറിയാൻ . ഇതിന്റെ ഭാഗമായി എല്ലാ തീരദേശ ജില്ലകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ ഈ മാസം 15 മുതൽ പ്രവർത്തനം ആരംഭിച്ചതായും മന്ത്രി അറിയിച്ചു .ട്രോളിംഗ് നിരോധന കാലയളവിൽ രക്ഷാപ്രവർത്തനങ്ങൾക്കും പട്രോളിങ്ങിനുമായി 9 തീരദേശ ജില്ലകളിലായി 19 സ്വകാര്യ ബോട്ടുകൾ വാടകയ്ക്ക് എടുക്കും. കൂടാതെ വിഴിഞ്ഞം വൈപ്പിൻ ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് മൂന്ന് മറൈൻ ആംബുലൻസുകൾ പ്രവർത്തിക്കുമെന്നും അദ്ദേഹം അറിയിച്ചു.

******************

മന്ത്രി സജി ചെറിയാൻ (fഇൻട്രോ)

അറബി കടലിൽ കപ്പൽ മുങ്ങിയതിനെ തുടർന്ന് തീരത്ത് ഒഴുകി നടക്കുന്ന കണ്ടെയ്നറുകളുടെ കാര്യത്തിൽ ആശങ്ക വേണ്ടെന്ന് മന്ത്രി സജി ചെറിയാൻ. കടലിൽ നിന്ന് പിടിക്കുന്ന മത്സ്യങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട് യാതൊരു പ്രശ്നവും ഉണ്ടാകില്ല. സമൂഹ മാധ്യമങ്ങളിൽ ചില തെറ്റായ വാർത്തകൾ പ്രചരിക്കുന്നുണ്ടെന്നും ജനങ്ങൾ തെറ്റിദ്ധരിക്കപ്പെടരുതെന്നും മന്ത്രി പറഞ്ഞു.

(വോയിസ്)

******************

പി വി അൻവർ

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിലെ സ്ഥാനാർത്ഥി നിർണയവുമായി ബന്ധപ്പെട്ട ചർച്ചകൾ വിവിധ രാഷ്ട്രീയ പാർട്ടികൾക്കിടയിൽ പുരോഗമിക്കുന്നു. യുഡിഎഫ് സ്ഥാനാർത്ഥി നിർണയവുമായി ബന്ധപ്പെട്ട് പി വി അൻവർ ഉന്നയിച്ച വിഷയം സംസ്ഥാനത്തെ നേതാക്കളുമായി സംസാരിക്കുമെന്ന് എ ഐ സി സി ജനറൽ സെക്രട്ടറി കെ സി വേണുഗോപാൽ പറഞ്ഞു. ഉപതിരഞ്ഞെടുപ്പിൽ

RNU TVPM

യുഡിഎഫുമായി സഹകരിക്കണോ, വേണ്ടയോ എന്ന് അൻവറിന് തീരുമാനിക്കാമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ ഇതിനകം തന്നെ വ്യക്തമാക്കിയിരുന്നു. എന്നാൽ യുഡിഎഫിന്റെ കാലു പിടിക്കാൻ ഇനിയില്ലെന്നാണ് പി വി അൻവറിൻറെ പ്രതികരണം. സിപിഐഎം ൻറെ സ്ഥാനാർത്ഥി പ്രഖ്യാപനം വെള്ളിയാഴ്ച ചേരുന്ന സംസ്ഥാന സെക്രട്ടേറിയേറ്റ് യോഗത്തിന് ശേഷം നടക്കും. നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ മത്സരിക്കുന്നത് സംബന്ധിച്ച് BDJS നുള്ളിൽ വ്യത്യസ്ത അഭിപ്രായം ഉയർന്നതായി പാർട്ടി സംസ്ഥാന പ്രസിഡൻ്റ് തുഷാർ വെള്ളാപ്പള്ളി ചേർത്തലയിൽ മാധ്യമങ്ങളോട് പറഞ്ഞു. അടുത്ത മാസം 19 നാണ് നിലമ്പൂരിൽ വോട്ടെടുപ്പ്. 23 നാണ് വോട്ടെണ്ണൽ.

******************

**വിഷു ബമ്പർ**

കേരള സംസ്ഥാന ഭാഗ്യക്കുറി വിഷു ബമ്പർ നറുക്കെടുപ്പിൽ ഒന്നാം സമ്മാനമായ 12 കോടി രൂപ VD204266 നമ്പർ ടിക്കറ്റിന്. പാലക്കാട് വിറ്റ ടിക്കറ്റിനാണ് സമ്മാനം ലഭിച്ചത്. രണ്ടാം സമ്മാനമായി ഓരോ കോടി രൂപ വീതം അഞ്ചു പേർക്ക് ലഭിക്കും. ആകെ 45 ലക്ഷം ടിക്കറ്റുകൾ വിൽപനക്കെത്തിയതിൽ 43 ലക്ഷത്തിനടുത്ത് ടിക്കറ്റുകളും വിറ്റു പോയിരുന്നു.

RNU TVPM

******************

**ഐ.പി.എൽ**

ഐ.പി.എൽ പ്ലേ ഓഫ് മത്സരങ്ങൾക്ക് നാളെ തുടക്കം. ആദ്യ ക്വാളിഫയറിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു നാളെ പഞ്ചാബ് കിംഗ്സിനെ നേരിടും. ന്യൂ ചണ്ഡിഗഢ് സ്റ്റേഡിയത്തിൽ നാളെ രാത്രി 7.30 നാണ് മത്സരം. മൂന്നാം സ്ഥാനത്തിനായി വെള്ളിയാഴ്ച നടക്കുന്ന മത്സരത്തിൽ ഗുജറാത്ത് ടൈറ്റൻസ്, മുംബൈ ഇന്ത്യൻസിനെ നേരിടും.

******************

**ഓഹരി/ സ്വർണ്ണം**

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം . സെൻസെക്സ് 239 പോയിന്റ് താഴ്ന്ന് 81,312 ലും, നിഫ്റ്റി 74 പോയിന്റ് നഷ്ടത്തിൽ 24,752 ലും വ്യാപാരം അവസാനിപ്പിച്ചു. .സ്വർണ്ണവിലയിൽ മാറ്റമില്ല .പവന് 71,480 രൂപയാണ് ഇന്നത്തെ വില.

*****************

**വീണാ ജോർജ്**

ചരിത്രത്തിലെ വലിയ മുന്നേറ്റമാണ് സംസ്ഥാനത്തെ ആയുർവേദ, ഹോമിയോ മേഖലയിലുണ്ടായതെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. ആയുഷ് മേഖലയുടെ പുരോഗതിയ്ക്ക് സർക്കാർ വലിയ പ്രാധാന്യമാണ് നൽകുന്നത്. എല്ലാ പഞ്ചായത്തുകളിലും ആയുഷ് ഡിസ്പെൻസറികളുള്ള സംസ്ഥാനമാക്കി കേരളത്തെ മാറ്റാൻ കഴിഞ്ഞതായും മന്ത്രി വ്യക്തമാക്കി.

*****************

**ജെ.ചിഞ്ചുറാണി**

മൃഗസംരക്ഷണ മേഖലയിൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായുണ്ടാകുന്ന ദുരന്തങ്ങളുടെ നിവാരണത്തിന് ശാസ്ത്രീയ തയ്യാറെടുപ്പ് അനിവാര്യമാണെന്ന് മന്ത്രി ജെ.ചിഞ്ചുറാണി. മൃഗസംരക്ഷണ ക്ഷീര വികസന മേഖലയിലെ കാലാവസ്ഥ വ്യതിയാനവും ദുരന്ത നിവാരണ തയ്യാറെടുപ്പും എന്ന വിഷയത്തിൽ തിരുവനന്തപുരം സമിതിയിൽ സംഘടിപ്പിച്ച ശില്പശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. പക്ഷിപ്പനിപോലുള്ള മഹാമാരികൾ, പ്രളയം, ഉരുൾപൊട്ടൽ,തുടങ്ങിയ അടിയന്തര സാഹചര്യങ്ങൾ എന്നിവ നേരിടാൻ നാം സജ്ജരായിരിക്കണമെന്നും മന്ത്രി പറഞ്ഞു.

RNU TVPM

*****************

**വി. ശിവൻകുട്ടി**

തൊഴിൽ മേഖല ഗുരുതരവും സങ്കീർണവുമായ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് കടന്നു

പോകുന്നതെന്നും, കാലത്തിനനുസരിച്ച് തൊഴിൽമേഖലയെ പരിഷ്കരിച്ചാൽ മാത്രമേ അതിജീവനം സാധ്യമാകൂ എന്നും മന്ത്രി വി. ശിവൻകുട്ടി. തൈക്കാട് പി.ഡബ്ല്യു.ഡി റെസ്റ്റ് ഹൗസിൽ ചുമട്ടുതൊഴിലാളികൾക്കുള്ള  തിരിച്ചറിയൽ കാർഡിന്റെയും വിവിധ ക്ഷേമാനുകൂല്യ വിതരണത്തിന്റെയും ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

******************

**ചീഫ് ഇലക്ടറൽ ഓഫീസർ**

നിലമ്പൂർ ഉപതിരഞ്ഞെടുപ്പ് ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചുകൊണ്ടുള്ള  പരിസ്ഥിതി സൗഹൃദ തിരഞ്ഞെടുപ്പായിരിക്കുമെന്ന് ചീഫ് ഇലക്ടറൽ ഓഫീസർ രത്തൻ കേൽക്കർ.  പ്ലാസ്റ്റിക്, പി.വി.സി വസ്തുക്കൾ ഒഴിവാക്കി  പരിസ്ഥിതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കേണ്ടതാണെന്നും അദ്ദേഹം അറിയിച്ചു.

******************

******************

************

*****

RNU TVPM